## പതിമൂന്നാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.619 — 09.07.2013 ന് മറുപടിയ്ക്ക്

### ശബരിജലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.ജോസഫ് വാഴക്കൻ | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ശബരി ജലത്തിന്റെ നിർമ്മാണം ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ) ശബരി കാട്ടുകളെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും തീർത്ഥാടകർക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിനുമായി വനം വകുപ്പ് ഈ പദ്ധതി ആരംഭിച്ചു. ഒഴിഞ്ഞ പ്ലാസ്റ്റിക്ക് കുപ്പികൾ ഒരു രൂപ നൽകി തിരികെ വാങ്ങുന്നു എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. നിലവിൽ 2008 മുതൽ പെരിയാർ ടൈഗർ റിസർവ് ഡിവിഷനിലെ മുഴീക്കൽ എന്ന സ്ഥലത്ത് ശബരീജലം ഉല്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ മുഴിക്കൽ പ്രവർത്തിക്കുന്ന യൂണിറ്റ് മതിയാകാത്തതുകൊണ്ട് കൊല്ലം ജില്ലയിൽ പത്തനാപുരത്ത് കടശ്ശേരി എന്ന സ്ഥലത്ത് വനം വകുപ്പിന്റെ സഹകരണത്തോടെ കേരള വനംവികസന കോർപ്പറേഷൻ ശബരീ ജലത്തിന്റെ ഒരു യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. |
| (ബി) എന്ത് ടെക്നോളജിയാണ് നിർമ്മാണത്തിനായി ഉപയോഗിച്ചിരിക്കുന്നത്; ഒരു ലിറ്റർ വെള്ളത്തിന്റെ ഉല്പാദനത്തിനായി എന്തു ചെലവ് വരുന്നുണ്ട്; | (ബി) പുതുതായി തുടങ്ങുന്ന പ്ലാന്റിൽ വനമേഖലയിലെ നീരുറവയിൽ നിന്നും ശേഖരിക്കുന്ന വെള്ളം ഗ്രേഡഡ് പ്രഷർ സാൻഡ് ഫിൽട്ടർ , ആക്ടിവേറ്റഡ് കാർബൺ ഫിൽട്ടർ, ബാഗ് ഫിൽട്ടർ, മൈക്രോൺ ഫിൽട്ടർ, അൾട്രാ വയലറ്റ് സ്റ്റെറിലൈസേഷൻ എന്നീ ടെക്നോളജിയിലൂടെയാണ് ശുദ്ധീകരിക്കുന്നത്. ഒരു ലിറ്റർ വെള്ളത്തിന്റെ ഉത്പാദനത്തിനായി ഏകദേശം 10 രൂപ ചെലവു വരും. പ്രതിവർഷം 30 ലക്ഷം ലിറ്റർ ശബരീജലമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

| | |
|---|---|
| (സി) ഇവയുടെ വിതരണം വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ? | (സി) വനം വകുപ്പ് ഉത്പാദിപ്പിക്കുന്ന ശബരീജലം പ്രധാനമായും ശബരിമല തീർത്ഥാടന കാലത്ത് അയ്യപ്പ ഭക്തന്മാർക്ക് വിതരണം ചെയ്തു വരുന്നു. കൂടാതെ വനം വകുപ്പ്, വനം വികസന കോർപ്പറേഷൻ എന്നിവയുടെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും ശബരീജലം വിതരണം ചെയ്യുന്നുണ്ട്. കെ.ടി.ഡി.സി ഹോട്ടലുകൾ, ഈ ഹോട്ടലിലേക്ക് സപ്ലൈ നടത്തുന്ന സമൃദ്ധി ഷോപ്പുകൾ എന്നിവ വഴിയും വിതരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഉത്പാദനം കൂട്ടുന്നതിനനുസരിച്ച് വിതരണം മറ്റ് മേഖലകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.